സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

R.O.C.No.6242/06/CA

ദേവസ്വം ബോർഡ് ആഫീസ്,
തിരുവനന്തപുരം, 21 .06.2017.

**To**

**ഡയറക്ടർ**
**സാംസ്കാരിക-പുരാവസ്തു വിഭാഗം**

വിഷയം : കൊല്ലവർഷം 1192-ലെ രാമായണ മാസാചരണം സംബന്ധിച്ച്.

സൂചന : ആ ആഫീസിലെ 31/5/2017 ലെ 147/17/സി.എ.2 നമ്പർ റിപ്പോർട്ട്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തൻ വർഷത്തെ രാമായണ മാസാചരണ ഉദ്ഘാടനം പമ്പ ശ്രീരാമ സന്നിധിയിൽ 17/7/2017 രാവിലെ നടത്തുന്നതിനും വൈക്കം ഗ്രൂപ്പിലെ തിരുമൂഴിക്കുളം ക്ഷേത്രത്തിൽ 16/7/2017 വൈകുന്നേരം നാലമ്പല ദർശനം ഉദ്ഘാടനം നടത്തുന്നതിനും തീരുമാനിച്ച് ബോർഡുത്തരവായ വിവരം അറിയിക്കുന്നു.

രാമായണ മാസത്തിൽ എല്ലാ ക്ഷേത്രങ്ങളിലും രാമായണ പാരായണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

രാമായണ മാസാചരണത്തോടനുബന്ധിച്ച് പമ്പയിലെയും ചടയമംഗലം ജഡായുപാറയിലെയും ശ്രീരാമപാദങ്ങളിൽ കർക്കിടക മാസം ഒന്നാം തീയതി പുഷ്പാർച്ചന നടത്തുന്നതിനും കർക്കിടക മാസത്തിലെ എല്ലാ ദിവസങ്ങളിലും പമ്പാഗണപതി ക്ഷേത്രത്തിൽ മഹാഗണപതിഹോമം നടത്തുന്നതിനും തീരുമാനിച്ചിട്ടുള്ള താണ്.

കൂടാതെ രാമായണ മാസത്തിൽ എല്ലാ ഹൈന്ദവ ഭവനങ്ങളിലും രാമായണ പാരായണം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും ബോർഡ് തീരുമാനിച്ചി ട്ടുള്ളതാണ്.

വിശ്വസ്തതയോടെ

21/6/17

**സെക്രട്ടറി**
അസിസ്റ്റന്റ് സെക്രട്ടറി ശബരിമല സെൽ
ഇൻ അഡീഷണൽ ചാർജ്